# Deepika

## 24 August 2018

## Aluva: After Flood, relief Activity



# ദുരന്തനിവാരണ സേനയുടേത് രാജ്യത്തെ ഏറ്റവും വലിയ ഓപ്പറേഷൻ

**ആലുവ:** പെരിയാർ കരകവിഞ്ഞൊഴുകിയതിനെത്തുടർന്നു രക്ഷാദൗത്യവുമായെത്തിയ ദുരന്തനിവാരണ സേനയുടേത് ചരിത്രത്തിലെ ഏറ്റവും വലിയ ഓപ്പറേഷൻ. ഇതിനുമുമ്പ് 2014 ൽ ഒഡീഷയിൽ ആഞ്ഞടിച്ച ഹുദ് ഹുദ് ചുഴലിക്കാറ്റിലാണ് ഇതിനു സമാനമായ ഓപ്പറേഷൻ നടത്തിയതെന്നു കേരളത്തിന്റെ ചുമതലയുണ്ടായിരുന്ന നാലാം ബറ്റാലിയൻ ചെന്നൈ യൂണിറ്റിലെ ഡെപ്യൂട്ടി കമൻഡാന്റ് ജി. വിജയൻ പറഞ്ഞു.

ഒഡീഷയിൽ 51 യൂണിറ്റുകളെയാണ് ഉപയോഗിച്ചതെങ്കിൽ കേരളത്തിൽ 42 പേർ വീതമുള്ള 58 യൂണിറ്റുകളുമായായിരുന്നു രക്ഷാദൗത്യം. വിവിധ സംസ്ഥാനങ്ങളിൽനിന്നായി ഇത്രയധികം എൻഡിആർഎഫ് അംഗങ്ങൾ ഒരേസമയം ഒരു സംസ്ഥാനത്തു രക്ഷാപ്രവർത്തനം നടത്തുന്നതും ഇതാദ്യം.

വെള്ളപ്പൊക്കത്തിൽപ്പെട്ട 18,077 പേരെ വീടുകളിൽനിന്ന് ഒഴിപ്പിക്കാൻ ദുരന്തനിവാരണ സേനയ്ക്ക് കഴിഞ്ഞു. 536 പേരെ മരണമുഖത്തുനിന്നു രക്ഷിച്ചു. പത്തു പേരുടെ മൃതദേഹം പ്രളയജലത്തിൽനിന്നു കണ്ടെത്തി. 119 വളർത്തു മൃഗങ്ങളെയും രക്ഷപ്പെടുത്തി. ആശുപത്രിയിലെത്തിക്കുന്നതിനു മുമ്പുള്ള പ്രാഥമിക ചികിത്സ 5021 പേർക്കു നല്കി.

പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണമാണ് ജീവഹാനി കുറയാൻ കാരണമായതെന്നും പൊതുജനങ്ങൾ എല്ലായിടത്തും എല്ലാവിധ സഹായവും ചെയ്തെന്നും ഡെപ്യൂട്ടി കമൻഡാന്റ് പറഞ്ഞു. മറക്കാനാവാത്ത ദുരനുഭവങ്ങളുമുണ്ടായി. ആലുവ ദേശം പുറയാറിന് സമീപം രക്ഷാപ്രവർത്തനത്തിനെത്തിയ സേനാംഗങ്ങളെ നാട്ടുകാരിൽ ചിലർ ബോട്ട് കത്തിക്കുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തി. മൂന്നാം ദിവസമാണ് ബോട്ട് എത്തിയതെന്ന പേരിലായിരുന്നു ഭീഷണി.

രണ്ടുദിവസം വീട്ടിൽ കുടുങ്ങിയ മൃതദേഹം പള്ളിയിലെത്തിച്ചതായിരുന്നു എറണാകുളം ജില്ലയിലെ ഏറ്റവും സാഹസികമായ പ്രവർത്തനം. പാറക്കടവ് പൂവത്തുശേരി വട്ടോളി വർഗീസിന്റെ ഭാര്യ സെലീന(65)യുടെ മൃതദേഹവും വഹിച്ചു കൊണ്ടുള്ള യാത്രയാണ് അതിസാഹസികമായത്. സെലീനയുടെ മൃതദേഹം പള്ളിയിലെത്തിക്കണമെന്നു ഡൽഹിയിൽനിന്നു ലഭിച്ച നിർദേശ പ്രകാരമായിരുന്നു യാത്ര. പെരിയാറും ചാലക്കുടിപ്പുഴയും ഒന്നിച്ചൊഴുകിയ മേഖലകളിലൂടെ സഞ്ചരിച്ചാണ് മൃതദേഹം കണ്ടെത്തിയത്.

ഇവിടെ റോഡിൽനിന്നു പന്ത്രണ്ടടിയോളം ഉയരത്തിൽ വെള്ളം പൊങ്ങിയിരുന്നു. വായു നിറച്ച ബോട്ട് ഇതിനിടെ പഞ്ചറായി. നാട്ടുകാരുടെയും ലോറി ഡ്രൈവർമാരുടെയും സഹകരണം ലഭിച്ചതിനാലാണ് യാത്ര തുടരാനായത്. സെലീനയുടെ മൃതദേഹവുമായി ഭർത്താവും 95 കാരിയായ സെലീനയുടെ മാതാവും മാത്രമാണ് വീടിന്റെ മുകളിലെ നിലയിൽ ഉണ്ടായിരുന്നത്. വർഗീസിന്റെ വീട് മനസിലാക്കിയ ശേഷം കുത്തൊഴുക്കിനെ ഭയക്കാതെ ബോട്ട് വിട്ടു.

മലയാളികളായ എൻ.പി. ബിജു, ടി.എം. ഷൈജു, മഹാരാഷ്ട്ര സ്വദേശി ഉത്തംറാവു എന്നിവരുമാണ് ഡെപ്യൂട്ടി കമൻഡാന്റിന് ഒപ്പമുണ്ടായിരുന്നത്. മൃതദേഹം പൂവത്തുശേരി സെന്റ് ജോസഫ്സ് പള്ളി സെമിത്തേരിയിലെത്തിച്ചാണു ദൗത്യം പൂർത്തിയാക്കിയത്. ദൗത്യത്തിൽ പങ്കെടുത്തവരെ ഡയറക്ടർ ജനറലിന്റെ റിവാർഡിനായി ശിപാർശ ചെയ്യുമെന്നും ഡെപ്യൂട്ടി കമൻഡാന്റ് അറിയിച്ചു.